**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3359** **14-07-2022 - ൽ മറുപടിയ്ക്ക്**

**തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കലും കോൾനിലങ്ങളുടെ സംരക്ഷണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സുഭിക്ഷ കേരളം പദ്ധതിയിലൂടെ തരിശുനിലങ്ങളിൽ പുതിയതായി കൃഷിയിറക്കിയതിന്റെ ഫലമായി പാലക്കാട് ജില്ലയിലെ നെൽകൃഷിയിൽ എത്ര വർദ്ധനവുണ്ടായെന്ന് വിശദമാക്കാമോ; | (എ) | "സുഭിക്ഷ കേരളം" പദ്ധതിയിലൂടെ തരിശുനിലങ്ങളിൽ പുതിയതായി കൃഷിയിറക്കിയതിന്റെ ഫലമായി പാലക്കാട് ജില്ലയിലെ നെൽകൃഷി വിസ്തൃതിയിൽ 132.81775 ഹെക്ടർ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പദ്ധതി പ്രകാരം തരിശ് നിലങ്ങളിൽ നെൽകൃഷി നടപ്പിലാക്കിയതിന് ആനുകൂല്യമായി 35000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിനു 40000 രൂപ പ്രകാരം വിതരണം ചെയ്തു. തരിശ് നെൽകൃഷി നടപ്പിലാക്കിയതിന്റെ ബ്ലോക്ക് തിരിച്ച വിവരങ്ങൾ **അനുബന്ധം** ആയി ചേർക്കുന്നു. |
| (ബി) | വെള്ളപ്പൊക്കത്തിൽ നിന്നും കോൾനിലങ്ങളെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നു; വിശദമാക്കാമോ? | (ബി) | വെള്ളപ്പൊക്കത്തിൽ നിന്നും തൃശ്ശൂർ പൊന്നാനി മേഖലയിൽ ഉൾപ്പെടുന്ന കോൾ നിലങ്ങളെ സംരക്ഷിക്കുന്നതിനായി റീബിൾഡ് കേരള ഇനിഷ്യേറ്റിവ് പദ്ധതി പ്രകാരം സർക്കാർ 298 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്. ആയതു പ്രകാരം തൃശ്ശൂർ ജില്ലയിൽ ഇതിനോടകം അനുവദിച്ച ഫണ്ട് ഉപയോഗപ്പെടുത്തി കെ.എൽ.ഡി.സി, കെയ്ക്കോ, കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ കെ.എസ്.ഇ.ബി എന്നീ പദ്ധതി നിർവഹണ ഏജൻസികൾ മുഖേന ചാലുകൾ ആഴം കൂട്ടൽ, കിട, റാമ്പ്, സ്ലൂയിസ്, ബണ്ട് എന്നിവയുടെ നിർമ്മാണം, കോൾ പാടശേഖരങ്ങളിലെ പെട്ടി-പറ മാറ്റി സബ് ഇമ്മേഴ്സിബിൾ പമ്പ്സെറ്റ് സ്ഥാപിക്കൽ, ട്രാൻസ്ഫോമറുകൾ സ്ഥാപിക്കൽ, എന്നീ പ്രവർത്തികൾ ചെയ്തു വരുന്നു.<br><br>മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്കിന് കീഴിൽ ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതിപ്രകാരം കോൾ നിലങ്ങളുടെ അടിത്തോടുകളും ഉൾത്തോടുകളും വൃത്തിയാക്കിയിട്ടുണ്ട്. കൂടാതെ ആർ.കെ.ഐ പദ്ധതി പ്രകാരം കെ.എൽ.ഡി.സി |

| | | | |
|---|---|---|---|
| | | | കോൾ നിലങ്ങളുടെ ബണ്ട് മണ്ണിട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തവനൂർ ബ്ലോക്കിന് കീഴിൽ കോൾ ബണ്ടുകൾ ബലപ്പെടുത്തുന്നതിന് 5 കിലോമീറ്റർ കയർ ഭൂവസ്ത്രം വിരിച്ചു. കൂടാതെ കോളുകളിൽ ഒരേസമയം കൃഷിയിറക്കുന്നതിനും മൂപ്പ് കുറഞ്ഞ വിത്തുകൾ ഉപയോഗിക്കുന്നതിനും പാടശേഖര സമിതിയുമായി ധാരണയിലെത്തി യിട്ടുണ്ട് (ക്രോപ് കലണ്ടർ പ്രകാരം). വെള്ളം ഒഴിഞ്ഞുപോകുന്നതിനുള്ള സ്ലൂയിസുകൾ തുറന്ന് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കിയിട്ടുണ്ട്. ഉൾത്തോടുകളും സ്ലൂയിസുകളും വൃത്തിയാക്കി വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് ബിയം റെഗുലേറ്റർ കം ബ്രിഡ്ജ് തുറന്ന് വെള്ളം ഒഴുകുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ പെട്ടി പറ, പമ്പ് സെറ്റുകൾ എന്നിവയ്ക്ക് കേട് പറ്റാതിരിക്കാൻ ഇലക്ട്രിക് കണക്ഷനുകൾ വിച്ഛേദിച്ച് സുരക്ഷിതമായി മാറ്റി സൂക്ഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**തരിശ് നെൽകൃഷി നടപ്പിലാക്കിയതിന്റെ ബ്ലോക്ക് തിരിച്ചുള്ള വിവരങ്ങൾ**

| ക്രമ നമ്പർ | ബ്ലോക്ക് | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | നെന്മാറ | 1.8 |
| 2 | ചിറ്റൂർ | 3.99 |
| 3 | പാലക്കാട് | 1.8 |
| 4 | മലമ്പുഴ | 2.6 |
| 5 | മണ്ണാർക്കാട് | 1.0 |
| 6 | ഷൊർണ്ണൂർ | 50.54475 |
| 7 | പട്ടാമ്പി | 13.817 |
| 8 | തൃത്താല | 57.266 |
| | **ആകെ** | **132.81775** |